**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ സംരക്ഷണമേഖലയിൽ നടപ്പാക്കി വരുന്ന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. രാജ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഊർജ്ജ സംരക്ഷണമേഖലയിൽ നടപ്പാക്കി വരുന്ന മാതൃകാപരമായ നയപരിപാടികൾക്കുള്ള അംഗീകാരമായി ദേശീയ ഊർജ്ജ-കാര്യക്ഷമതാ പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചിരുന്നോ; വിശദമാക്കുമോ; | (എ) | കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വിലയിരുത്തി പ്രസിദ്ധീകരിക്കുന്ന ദേശീയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിൽ കേരളത്തിന് പുരസ്കാരം ലഭിച്ചു. കാർഷിക രംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യവസായികരംഗം, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല എന്നീ വിഭാഗങ്ങളിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടത്തിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്.<br><br>ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിലാണ് അവാർഡ് ദാന ചടങ്ങ് നടന്നത് . ബഹുമാനപെട്ട ഇന്ത്യൻ വൈസ് പ്രസിഡന്റ് ശ്രീ.ജഗ്ദീപ് ധൻഖർ മുഖ്യാതിഥിയായിരുന്ന വേദിയിൽ, സംസ്ഥാനത്തിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ.ഹരികുമാർ, ഊർജ്ജ കാര്യക്ഷമത വിഭാഗം തലവൻ ശ്രീ.ജോൺസൺ ഡാനിയൽ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.<br><br>2023 ലും കേരളത്തിന് മേല്പറഞ്ഞ അവാർഡ് ലഭിച്ചിട്ടുണ്ട് . |
| (ബി) | ഊർജ്ജസംരക്ഷണ മേഖലയിൽ നടപ്പാക്കിയ ഏതൊക്കെ പ്രവർത്തനങ്ങളുടെ | (ബി) | എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ചുവടെ ചേർക്കുന്ന |

| | |
|---|---|
| അടിസ്ഥാനത്തിലാണ് സംസ്ഥാനം പ്രസ്തുത പുരസ്കാരത്തിനർഹമായതെന്ന് വിശദീകരിക്കുമോ; | പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് സംസ്ഥാനം അവാർഡിന് അർഹമായത്.<br><br>കേരളത്തിലെ അങ്കണവാടികളെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന "അംഗൻജ്യോതി" പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം, ചിറ്റൂർ നിയോജക മണ്ഡലത്തിലെ 424 അങ്കണവാടികളിലും നെറ്റ് സീറോ കാർബൺ കേരളത്തിനായി തെരഞ്ഞെടുത്ത 91 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2387 അങ്കണവാടികളിലും അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം ഉറപ്പു വരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ , മിൽക്ക് കുക്കർ, ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ എന്നിവയാണ് വിതരണം ചെയ്തത്.<br><br>സർക്കാർ സ്ഥാപനങ്ങളെ ഊർജ്ജ കാര്യക്ഷമമാക്കുവാൻ വിഭാവനം ചെയ്ത പദ്ധതിയാണ് "ഊർജയാൻ". ടി പദ്ധതിയുടെ ഭാഗമായി ഊർജ്ജ ഓഡിറ്റ് നടത്തുകയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി സെക്രട്ടറിയേറ്റ് അനെക്സ് 1 കെട്ടിടം ഉൾപ്പെടെ 2 സർക്കാർ സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തിക വർഷം പൂർത്തീകരിച്ചു. പദ്ധതിയുടെ ഭാഗമായി തൃശൂർ ജില്ലയിലെ 12 നിയോജക മണ്ഡലങ്ങളിലെ 111 സർക്കാർ കെട്ടിടങ്ങളിലും പാലക്കാട് ജില്ലയിലെ 33 സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് തിരഞ്ഞെടുത്ത 20 സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയവ സ്ഥാപിച്ചു. കൂടാതെ 250 സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വിഭാവനം ചെയ്ത് നടത്തിവരുന്ന പദ്ധതിയാണ് "ചൈതന്യം". ടി പദ്ധതിയുടെ ഭാഗമായി 25 ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി ബൾബുകളും മാറ്റി |

സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 31 സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി നടത്തി വരുന്ന ശില്പശാല പരമ്പരയാണ് "ഉണർവ്". ടി പദ്ധതിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം 64 സ്കൂളുകളിൽ നിന്നുള്ള 4400 ൽ പരം വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിച്ചു. 2024-25 വർഷം 91 സ്കൂളുകളിൽ നിന്നുള്ള 6200 ൽ പരം വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിച്ചു.

കാർഷിക മേഖലയെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും കൃഷിക്കാർക്കും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി പാലക്കാട് എരുത്തേൻപതിയിലെ ഇന്റഗ്രേറ്റഡ് സീഡ് ഡെവലപ്മെന്റ് ഫാമിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ 5 എച്ച് പി ശേഷിയുള്ള 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചു. കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഡീ വാട്ടറിംഗ് പമ്പിംഗ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി 5 സ്ഥലങ്ങളിൽ നിലവിലുള്ള പെട്ടിയും പറയും മാറ്റി ഊർജ്ജ കാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബയിൻ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 30 എച്ച് പി ശേഷിയുള്ള 2 പമ്പുകളും, 25 എച്ച് പി ശേഷിയുള്ള 2 പമ്പുകളും, 20 എച്ച്.പി ശേഷിയുള്ള ഒരു പമ്പും ആണ് സ്ഥാപിച്ചത്. 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ 14 ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നായി 1900-ൽ പരം ഉദ്യോഗസ്ഥർ പങ്കെടുക്കുകയും ചെയ്തു. വിവിധ കർഷക സംഘങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച 32 ബോധവത്കരണപരിപാടികളിലായി 1300-ൽ പരം കർഷകർ പങ്കെടുക്കുകയും ചെയ്തു.

കേരളത്തിൽ വാണിജ്യ കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ കെട്ടിട നിർമ്മാണ

ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലർക്ക്/ ക്ലർക്ക്) ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ 25 ബാച്ചുകളിലായി ക്രമീകരിച്ച പരിശീലന പരിപാടികളിൽ വിവിധ തദ്ദേശസ്വയംഭരണവകുപ്പ് സ്ഥാപനങ്ങളിൽ നിന്നായി 2004 ഉദ്യോഗസ്ഥർ പങ്കെടുത്തു. കൂടാതെ കെട്ടിട മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കായി സംഘടിപ്പിച്ച 17 പരിശീലന പരിപാടികളിലായി 500-ൽ പരം ആളുകൾ പങ്കെടുത്തു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങ (MSME) ളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എനർജി എഫിഷ്യൻസി സർവ്വേ നടത്തി ചെറുകിട ഉപഭോക്താക്കളിൽ ഊർജ്ജ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നുണ്ട്. ഇതുവഴി MSME യൂണിറ്റുകളിൽ ഊർജ്ജ സംരക്ഷണത്തിന് സാധ്യതയുള്ള മേഖലകളുടെ ഒരു അവലോകനം നടത്താനും ഊർജ്ജ സംരക്ഷണത്തിനായി ഊർജ്ജ കാര്യക്ഷമമായ സാങ്കേതികവിദ്യകൾ സ്വീകരിക്കാനും കഴിയും. ഇതിന്റെ ഭാഗമായി കേരളത്തിലെ 4 MSME ക്ലസ്റ്ററുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. തൃശ്ശൂരിലെ ഫർണിച്ചർ ക്ലസ്റ്റർ, കോട്ടയത്തുള്ള റബർ ക്ലസ്റ്റർ, എറണാകുളത്തെ പ്ലാസ്റ്റിക് ക്ലസ്റ്റർ, പാലക്കാടുള്ള കാർഷിക ഉപകരണങ്ങളുടെ ക്ലസ്റ്റർ എന്നിവയാണവ. മേല്പറഞ്ഞ MSME ക്ലസ്റ്ററുകളിലെ തിരഞ്ഞെടുത്ത യൂണിറ്റുകളിൽ എനർജി ഓഡിറ്റ് നടത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഊർജ്ജ കാര്യക്ഷമത കൈവരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നൽകുകയും ചെയ്തു.

കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE Lifestyle for Environment ക്യാമ്പയിനിന്റെ

| | | | |
|---|---|---|---|
| | | | ഭാഗമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ കേരളത്തിൽ 431 ശില്പശാലകൾ പൂർത്തീകരിച്ചു.<br><br>ബി.ഇ.ഇ. സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിംഗ് പ്രോഗ്രാമിന്റെ നിയമങ്ങളെയും ഗുണമേന്മകളെയും കുറിച്ച് വ്യാപാരികളെയും വിദ്യാർത്ഥികളെയും ഉപഭോക്താക്കളെയും ബോധവാന്മാരാക്കുന്നതിനു വേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ് എന്ന വിഷയത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചു. ഗാർഹിക മേഖലയിലെ ഉപഭോക്താക്കൾക്കായി 45 ശില്പശാലകളും, വ്യപാരികൾക്കായി 14 ശില്പശാലകളും, വിദ്യാർത്ഥികൾക്കായി 14 ശില്പശാലകളും സംഘടിപ്പിച്ചു. |
| (സി) | ഊർജ്ജസംരക്ഷണ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇ-മൊബിലിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി "ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പേരിൽ ക്യാമ്പയിൻ ഇ.എം.സി നടത്തിവരുന്നു. ഈ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2021 ജൂൺ 5-ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 15 വെബിനാറുകൾ, ഇലക്ട്രിക്ക് വാഹനങ്ങളുടെയും ഇലക്ട്രിക്ക് പാചക ഉപകരണങ്ങളുടെയും പ്രധാന നിർമ്മാതാക്കളെ ഉൾപെടുത്തി വെർച്വൽ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ എനർജി മാനേജ്മെന്റ് സെന്ററി-ന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി.<br><br>ഇ.എം.സി യുടെ "ഗോ ഇലക്ട്രിക്ക്" ക്യാമ്പയിന്റെ ഭാഗമായി പ്രസ്തുത കാലയളവിലേക്ക് പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ) ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ ആകാശവാണി, എഫ്.എം റേഡിയോ എന്നീ മാധ്യമങ്ങളിൽ കൂടി ഈ പദ്ധതിയെക്കുറിച്ചും പ്രദർശനത്തിന്റെ വിശദ വിവരണവും ഒരാഴ്ച കാലത്തേക്ക് നൽകിയിട്ടുണ്ട്.<br><br>എനർജി മാനേജ്മെന്റ് സെന്ററും മറ്റ് സർക്കാർ വകുപ്പുകളുടെയും സ്വകാര്യ ഉടമസ്ഥരുടെയും വാഹനങ്ങളുമായി തിരുവനന്തപുരത്ത് 2021 ഡിസംബർ 11-ന് ഇലക്ട്രിക് വാഹനങ്ങളുടെ ഗ്രീൻ റാലി സംഘടിപ്പിച്ചു. ടൂ വീലർ, ത്രീ വീലർ, ഫോർ വീലർ എന്നിവ ഉൾപ്പെടെ നൂറിലധികം ഇലക്ട്രിക് വാഹനങ്ങളാണ് റാലിയിൽ പങ്കെടുത്തത്.<br><br>എനർജി മാനേജ്മെന്റ് സെന്റർ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) യുമായി സഹകരിച്ച് കൊച്ചിയിൽ 2022 ഒക്ടോബർ 19, 20 തീയതികളിൽ "സുസ്ഥിര ഭാവിയിലേക്ക് നീങ്ങുന്നു" എന്ന പ്രമേയവുമായി "കേരള സ്മാർട്ട് മൊബിലിറ്റി സമ്മിറ്റ്" സംഘടിപ്പിച്ചു. ഇലക്ട്രിക് വാഹനങ്ങളുടെ എക്സിബിഷൻ അടങ്ങിയ സമ്മിറ്റ് ആയിരുന്നു സംഘടിപ്പിച്ചിരുന്നത്.<br><br>സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കേരളമൊട്ടാകെ 98 ബോധവത്കരണ പരിപാടികളും 138 വൈദ്യുത വാഹന റാലിയും സംഘടിപ്പിക്കുകയുണ്ടായി.<br><br>2023 - 24 സാമ്പത്തിക വർഷം പൊതുജനങ്ങൾക്ക് ഗോ ഇലക്ട്രിക്ക് ക്യാമ്പയിന്റെ ഭാഗമായി 100 പരിപാടികൾ സംഘടിപ്പിച്ചു. ഇതിൽ 5800 ൽ കൂടുതൽ പേർ പങ്കെടുത്തു. മേല്പറഞ്ഞ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്തിലെ മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക്ക് വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. കേരളത്തിൽ പ്രതിദിനം രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ 10%-വും ഇലക്ട്രിക്ക് വാഹനങ്ങളാണ്. |
| (ഡി) | ഊർജ്ജസംരക്ഷണത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ നടത്തുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഈ വർഷം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | കേരള സർക്കാർ ഊർജ്ജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള (IEFK) സംഘടിപ്പിക്കുന്നു. 2025 ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരം തൈക്കാട് കേരള പോലീസ് ഗ്രൗണ്ടിലാണ് മേള നടക്കുന്നത്. ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള |

| | | | |
|---|---|---|---|
| | | | സഹകരണം എന്നിവയാണ് IEFK 2025 പ്രധാനമായും ലക്ഷ്യമിടുന്നത്.<br><br>ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ, ഇലക്ട്രിക് കുക്കിംഗ്, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെയും ഇവയുടെ പ്രവർത്തനത്തിനാവശ്യമായ പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെയും പ്രദർശനം മേളയുടെ മുഖ്യ ആകർഷണമായിരിക്കും. ഊർജ്ജമേളയുടെ ഭാഗമായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകളുടെ വിതരണം, സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, വനിതാ സന്നദ്ധപ്രവർത്തകർക്കായി വിപുലമായ എൽ.ഇ.ഡി റിപ്പയർ സെഷൻ, കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ്, മറ്റ് പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ഒരു മെഗാക്വിസ് തുടങ്ങിയവ നടക്കും. ഇത് കൂടാതെ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെയും മാർഗ്ഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഗ്രീൻ എക്സ്പോ മേളയുടെ മറ്റൊരു പ്രധാന ആകർഷണമായിരിക്കും. ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് കുക്കിംഗിനാവശ്യമായ ഉപകരണങ്ങൾ പാത്രങ്ങൾ എന്നിവയുടെ പ്രദർശനവും ഇതോടനുബന്ധിച്ച് നടക്കും. |

സെക്ഷൻ ഓഫീസർ